"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - കൊല്ലം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിലെ ക്ലാർക്ക് ശ്രീ ബാഹുൽ എം -ന്റെ ക്ലറിക്കൽ തസ്തികയിലെ നിരീക്ഷണകാലം ദീർഘിപ്പിച്ച നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1826/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/09/2021

---

പരാമർശം:- 1. കൊല്ലം ജില്ലാ കളക്ടറുടെ 09.072021 -ലെ ഡി5.950/2021 നമ്പർ നടപടിക്രമം.

2. ഗ്രാമവികസന കമ്മീഷണറുടെ 16.08.2021-ലെ 8156/എസ്റ്റാ.സി3/2021/സിആർഡി നമ്പർ കത്ത്.

ഉത്തരവ്

ഗ്രാമവികസന വകുപ്പിനു കീഴിൽ കൊല്ലം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിലെ ക്ലാർ ക്കായി 10.08.2016 അപരാഹ്നത്തിൽ സർവീസിൽ പ്രവേശിച്ച ശ്രീ ബാഹുൽ എം ക്ലറിക്കൽ തസ്തികയിൽ തുടർച്ചയായ മൂന്ന് വർഷത്തിലെ രണ്ടു വർഷം നിരീക്ഷണകാലം 11.08.2018 -ലാണ് പൂർത്തീകരിക്കേണ്ടത്. എന്നാൽ, ടിയാൻ 10.10.2020-ലാണ് നിരീക്ഷണകാലം പൂർത്തീകരിക്കാനാവശ്യമായ MOP ടെസ്റ്റ് യോഗ്യത നേടിയത്. ക്ലറിക്കൽ തസ്തികയിൽ തുടർച്ചയായ മൂന്ന് വർഷത്തിലെ രണ്ടു വർഷം പൂർത്തീകരിച്ച 11.08.2018 മുതൽ 10.08.2019 വരെയുള്ള ഒരു വർഷത്തെ നിരീക്ഷണകാലയളവ് നിയമനാധികാരിയായ കൊല്ലം ജില്ലാ കളക്ടർ പരാമർശം (1) പ്രകാരം ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. തുടർന്ന്, ശ്രീ ബാഹുൽ എം MOP ടെസ്റ്റ് യോഗ്യത നേടിയ 11.10.2020 പൂർവാഹ്നത്തിൽ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായി 10.08.2019 മുതൽ 12.10.2020 വരെയുള്ള നിരീക്ഷണകാലയളവ് ദീർഘിപ്പിച്ച ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 10.08.2016 അപരാഹ്നത്തിൽ സർവീസിൽ പ്രവേശിച്ച ശ്രീ ബാഹുൽ എം നിരീക്ഷണകാലം പൂർത്തീകരിക്കുന്നതിനാവശ്യമായ MOP ടെസ്റ്റ് യോഗ്യത നേടിയത് 10.10.2020-ൽ ആണ്. ക്ലറിക്കൽ തസ്തികയിൽ തുടർച്ചയായ മൂന്ന് വർഷത്തിലെ രണ്ടു വർഷം പൂർത്തീകരിച്ച 11.08.2018 മുതൽ 10.08.2019 വരെയുള്ള ഒരു വർഷത്തെ നിരീക്ഷണ കാലയളവ് നിയമനാധികാരിയായ കൊല്ലം ജില്ലാ കളക്ടർ ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ മറ്റുവിധത്തിൽ യോഗ്യനെങ്കിൽ, ശ്രീ ബാഹുൽ എം ന് 11.10.2020 പൂർവാഹ്നം പ്രാബല്യത്തിൽ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കാൻ സാധിക്കുമാറ്, നിയമനാധികാരി ദീർഘിപ്പിച്ച നല്കിയ നിരീക്ഷണകാലയളവിനു തുടർച്ചയായി 11.08.2019 മുതൽ

12.10.2020 വരെ KS&SSRs Part II ചട്ടം 21 പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ച നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത.കെ.എസ്.**

**ജോയിന്റ് സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.(ശ്രീ ബാഹുൽ എം-ന്റെ സേവനപുസ്തകം സഹിതം)

ശ്രീ ബാഹുൽ എം, ക്ലാർക്ക്, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം, കൊല്ലം.(വകുപ്പ് മേധാവി മുഖേന)

പ്രോജക്റ്റ് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം, കൊല്ലം.

ജില്ലാ കളക്ടർ, കൊല്ലം.

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ